**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2239** **08.05.2017-ൽ മറുപടിക്ക്**

## റോഡ് റോളർ ക്ലീനർ / ഡ്രൈവർ വിഭാഗത്തിലെ തസ്തികകൾ

| **ചോദ്യം**<br>**ശ്രീ.എ.എം. ആരിഫ്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ/ഡ്രൈവർ വിഭാഗത്തിൽ എത്ര അനുവദനീയ തസ്തികകൾ ഉണ്ട്; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; ഒഴിവുള്ള തസ്തികകൾ എത്ര; | (എ) പൊതുമരാമത്ത് വകുപ്പിൽ തുടർച്ചാംഗീകാരം ലഭിച്ച 172 റോളർ ഡ്രൈവർ തസ്തികകളും 170 റോളർ ക്ലീനർ തസ്തികകളും വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിൽ 53 റോളർ ഡ്രൈവർമാരും 74 റോളർ ക്ലീനർമാരും ജോലിനോക്കിവരുന്നുണ്ട്. വാനിഷിംഗ് കാറ്റഗറിയായതിനാൽ ഒഴിവുകൾ ഇല്ല. |
| (ബി) പൊതുമരാമത്ത് വകുപ്പിൽ എത്ര റോഡ് റോളറുകൾ ഉണ്ട്; ഇതിൽ പ്രവർത്തനക്ഷമമായവ എത്ര; മെയിന്റനൻസ് നടത്തിയാൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവയും കഴിയാത്തവയും എത്ര; വിശദമാക്കാമോ; | (ബി) പൊതുമരാമത്ത് വകുപ്പിൽ ആകെ 190 റോഡ് റോളറുകളുണ്ട്. ഇവയിൽ 69 എണ്ണം പ്രവർത്തനക്ഷമമാണ്. മെയിന്റനൻസ് നടത്തി പ്രവർത്തന ക്ഷമമാക്കുന്നത് ഭാരിച്ച ചെലവു വരുന്നതിനാൽ പ്രായോഗികമല്ല. |
| (സി) പൊതുമരാമത്ത് വകുപ്പ് വക റോഡ് റോളറുകൾ വാടകയ്ക്ക് നൽകാറുണ്ടോ; നൽകാറുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ; | (സി) കരാറുകാരുടെ കൈവശം റോളറുകൾ ഇല്ലാത്ത സാഹചര്യത്തിൽ റോളറുകൾ വാടകയ്ക്ക് നൽകാറുണ്ട്. ഇതിന്റെ വാടക എഗ്രിമെന്റ് കണ്ടീഷൻ പ്രകാരം ബില്ലിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) റോഡ് റോളറുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പല പൊതുമരാമത്ത് ഡിവിഷനുകളിലും റോളർ ക്ലീനർമാരും ഡ്രൈവർമാരും ജോലി ചെയ്യാതെ ശമ്പളം പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ) ഇത്തരത്തിൽ അധികമായിട്ടുള്ള റോഡ് റോളർ ഡ്രൈവർമാരേയും ക്ലീനർമാരേയും പൊതുമരാമത്ത് വകുപ്പിലെ തന്നെ മറ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴിയോ പുനർവിന്യാസം വഴിയോ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) & (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ജോലി നോക്കുന്ന 53 റോളർ ഡ്രൈവർമാരെയും 74 റോളർ ക്ലീനർമാരെയും പുനർവിന്യസിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ